ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്ന ഏജൻസികൾക്ക് കൈമാറാനുമുള്ള നടപടി സ്ക്രാപ് ഡീലർമാരുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഉപയോഗശൂന്യമായ ഇലക്ട്രോണിക്/ ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ കെട്ടിക്കിടക്കുന്നത് മൂലമുണ്ടാകുന്ന മലിനീകരണം തടയുക, ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കുക, ശാസ്ത്രീയമായ മാലിന്യപരിപാലനം നടത്തുക, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക, പൊതുനിരത്തുകൾ, ഓവുചാലുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് വലിച്ചെറിയുന്ന പ്രവണതയും പ്ലാസ്റ്റിക് കത്തിക്കുന്ന പ്രവണതയും ഗണ്യമായി കുറയ്ക്കുക, പുനർചംക്രമണ മൂല്യമുള്ള വസ്തുക്കൾ പരമാവധി പുനഃചംക്രമണ വിധേയമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) സംസ്ഥാനത്ത് ബഹുഭൂരിപക്ഷം നഗരസഭകളുടെയും നേതൃത്വത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യം ശേഖരിച്ച് പുനരുപയോഗ/ പുനഃചംക്രമണത്തിനായി കൈമാറുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യശേഖരണം, റീസൈക്ലിംഗ് എന്നീ കാര്യങ്ങളിൽ നേട്ടങ്ങൾ ഉണ്ടാക്കുന്നതിനായി സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റിസോഴ്സ് റിക്കവറി സെന്റർ/മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സൗകര്യം ഒരുക്കിയും കൂടാതെ അജൈവ മാലിന്യം ശേഖരിച്ച് നേരിട്ട് ഏജൻസികൾക്ക് പുനഃചംക്രമണത്തിനായി കൈമാറിയും വരുന്നുണ്ട്.

സ്നേഹസ്പർശം പദ്ധതി

7(*127) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. റ്റി.ജോർജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്നേഹസ്പർശം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്നേഹസ്പർശം പദ്ധതി ഇപ്പോഴും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ചൂഷണത്തിന് വിധേയയായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ, അഗതികളായ വനിതകൾക്ക് 1,000 രൂപ വീതം പ്രതിമാസം അനുവദിച്ച് അവരെ സാമ്പത്തികമായി സഹായിക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളവരിൽനിന്നും അപേക്ഷ ശേഖരിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ എത്തിക്കുവാനുള്ള നിർദ്ദേശം എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംസ്ഥാനത്ത് 1956 ഗുണഭോക്താക്കൾക്ക് പ്രതിമാസ ധനസഹായം അനുവദിച്ച് വരുന്നുണ്ട്.

ആശ്വാസ കിരണം പദ്ധതി

8(*128) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. സി. ദിവാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ 'ആശ്വാസ കിരണം' പദ്ധതി എന്നുമുതലാണ് ആരംഭിച്ചത്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പദ്ധതിയുടെ കീഴിലുള്ള അപേക്ഷകർക്ക് ആശ്വാസ ധനം നൽകുന്നുണ്ടോ; ധനസഹായത്തിനുള്ള അപേക്ഷകൾ വിവിധ ജില്ലകളിൽ തീരുമാനമാകാതെ അവശേഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ആശ്വാസധനമായി പ്രതിമാസം ഇക നല്കുന്നതിന് കുടിശ്ശികയുണ്ടോ; കുടിശ്ശിക സംബന്ധിച്ചുള്ള വിവരം വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിനും ധനസഹായം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

LIBRARY ARCHIVES Kerala Legislative Assembly